നം; സി11-15269/99.

ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി: 17..5..1999.

Office of the Conservator of Forests Central Circle, THRISSUR

## സർക്കുലർ നം: 5/99.

വിഷയം: - വനം വകുപ്പ് - ഗിരിജന സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്കും കടത്തു പാസ്സ് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന: -1. ഈ ഓഫീസിലെ 1.9.95-ലെ കത്ത് നം.സി11-41666/95.
2. ഈ ഓഫീസിലെ 23.8.96-ലെ കത്ത് സി11-22844/94.

....

ഗിരിജന സഹകരണ സംഘങ്ങൾ വനത്തിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു വനം വകുപ്പിൽ നിന്നും പാസ് അനുവദിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നു പാസ് ലഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചു ഏഴുദിവസങ്ങൾക്കുള്ളിൽ പാസ് നൽകിയിരിക്കണമെന്നു സൂചന ഒന്നു, രണ്ട് എന്നീ കത്തുകൾ പ്രകാരം എല്ലാ ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർമാർക്കും കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

എന്നാൽ പാസ് ലഭിക്കുന്നതിൽ ഇപ്പോഴും കാലതാമസം ഉണ്ടാകുന്നതായും ഇതുമൂലം ഗിരിജന സഹകരണ സംഘങ്ങൾക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സെക്ഷൻ ഫോറസ്റ്റർ വിഭവങ്ങൾ പരിശോധിച്ചു റിപ്പോർട്ടു നൽകുന്നതിലുണ്ടാകുന്ന കാലതാമസമാണു പാസ് ലഭിക്കുന്നത് വൈകുന്നതിനുള്ള കാരണമെന്നു പരാതികളിൽ പ്രതിപാദിച്ചു കാണുന്നു. ഈ സാഹചര്യത്തിൽ സൂചന 1 ലും 2 ലും പരാമർശിക്കുന്ന കത്തുകളിൽ നിർദ്ദേശിച്ചിരുന്നതുപോലെ ഗിരിജനസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിടവനവിഭവങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിനു അപേക്ഷ ലഭിച്ചു ഏഴു ദിവസത്തിനുള്ളിൽ സെക്ഷൻ ഫോറസ്റ്റർ പരിശോധിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി കടത്തു പാസ്സ് നൽകേണ്ടതാണെന്നു ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും വീണ്ടും ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ തുടർന്നും വീഴ്ചയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനു ഉത്തരവാദികളായവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

.....2/-

G3-3521/99



ഈ സർക്കുലർ താഴെത്തട്ടിൽ വരെയുള്ള എല്ലാ ജീവനക്കാരിലും എത്തിക്കുന്നു എന്നു് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണു്.

FOR പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)

1) പകർപ്പ് എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ഫീൽഡ് ഡയറക്ടർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർ, വൈൽഡ് ലൈഫ് വാർഡൻമാർ തുടങ്ങിയവർക്കും അറിവിനും നടപടിക്കുമായി.

2) പകർപ്പ് പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർക്കു് അറിവിലേയ്ക്കായി.

3) സ്റ്റോക്കു് ഫയൽ.

മേലെഴുത്ത് നം. ജി3-3521/99 തീയതി 25-5-99

ഡി/18/5